(ബി) പൊതുമേഖലയിലും സ്വകാര്യമേഖലയിലും വൻപുരോഗതി കൈവരിച്ചിരുന്ന വ്യവസായ സ്ഥാപനങ്ങളിൽ പലതും പൂർണ്ണമായും അടച്ചുപൂട്ടപ്പെട്ടതും അടച്ചുപൂട്ടലിന്റെ ഘട്ടത്തിലേയ്ക്ക് എത്തപ്പെട്ടതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇവയെ സംരക്ഷിച്ചു നിർത്തുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്നും സാദ്ധ്യമായില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തായിരുന്നു എന്നും വിശദമാക്കാമോ?

ഉത്തരം

(എ - സി) ഉണ്ട്.

വ്യവസായ വകുപ്പിന്റെ അധീനതയിൽ എറണാകുളത്ത് പൊതുമേഖലയിലും സ്വകാര്യ മേഖലയിലും പ്രവൃത്തിക്കുന്ന സ്ഥാപനങ്ങൾ നല്ല രീതിയിലാണ് പ്രവൃത്തിച്ചുവരുന്നത്. സിഡ്കോയുടെ കീഴിൽ ഇവിടെ പ്രവൃത്തിക്കുന്ന വ്യവസായ എസ്റ്റേറ്റുകളായ മുടിക്കൽ, അങ്കമാലി, വാഴക്കുളം സൗത്ത്, കോതമംഗലം, രായമംഗലം, പിറവം, ഇടത്തല എന്നിവിടങ്ങളിൽ 91 യൂണിറ്റുകൾ പ്രവൃത്തിക്കുന്നുണ്ട്. ഇവയിൽ 4 യൂണിറ്റുകൾ മാത്രമാണ് പ്രവർത്തന രഹിതമായിട്ടുള്ളത്.

കെ.എസ്.ഐ.ഡി.സി.-യുടെ സാമ്പത്തിക സഹായത്തോടെ പ്രവൃത്തിച്ചുവരുന്ന സ്ഥാപനങ്ങളും നല്ല രീതിയിൽ പ്രവൃത്തിച്ചുവരുന്നു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കൈത്തറി ഡയറക്ടറേറ്റ്, ഖാദി & വില്ലേജ് വ്യവസായ ബോർഡ് എന്നിവിടങ്ങളിൽ നിന്നും വിവരം ശേഖരിച്ചു തരുന്നതാണ്.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ

179 (564) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുതും വലുതുമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പലരും ശ്രമിക്കുന്നുവെങ്കിലും വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നിയമതടസ്സങ്ങളും സാങ്കേതിക ബുദ്ധിമുട്ടുകളും ഉദ്യോഗസ്ഥരുടെ നിസ്സഹകരണവുംമൂലം അതിനു കഴിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചു എന്നു പറയാമോ;

(ബി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള നിയമ തടസ്സങ്ങളും വിവിധ വകുപ്പുകളെ സംബന്ധിക്കുന്ന സാങ്കേതിക തടസ്സങ്ങളും ഒരു ഏകജാലക സംവിധാനത്തിലൂടെ പരിഹരിക്കുന്നതിനും ഇതിന്റെ നടപടികൾ മറ്റ് ഇടപെടലുകൾക്ക് സാദ്ധ്യതയില്ലാത്ത വിധം സുതാര്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിൽ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിക്ഷേപ നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമെന്ന നിലയ്ക്ക് അവതരിപ്പിക്കുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനായി ബന്ധപ്പെട്ട മന്ത്രിമാരും പ്രഗൽഭരായ വ്യവസായ സംരംഭകരും ഉൾപ്പെട്ട ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ഈ പ്രോജക്ടുകൾ പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കി അംഗീകാരം നൽകുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് സെക്രട്ടറിമാരെ ഉൾപ്പെടുത്തി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും എമർജിംഗ് കേരളയിൽ ലഭിച്ച ആശയങ്ങളേയും പദ്ധതികളേയും കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നതിനായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിലെ മുൻ സെക്രട്ടറി ശ്രീ. മാധവൻ നമ്പ്യാർ ചെയർമാനായി ഇൻവെസ്റ്റ് പ്രൊമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി പത്രങ്ങളും ലൈസൻസുകളും ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഏകജാലക ക്ലിയറൻസ് ബോർഡ് പ്രവൃത്തിച്ചുവരുന്നു. ഇതുകൂടാതെ സെൽഫ് സർട്ടിഫിക്കേഷൻ സിസ്റ്റം, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്നീ പുതിയ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. വ്യവസായ സംരംഭകർക്ക് ലൈസൻസുകളും ക്ലിയറൻസുകളും പെർമിറ്റുകളും ലഭ്യമാക്കുന്നതിനു വേണ്ടി ഹാൻഡ്ഹോൾഡിംഗ് സഹായം ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകിവരുന്നു. സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർക്കും സംരംഭക വികസന ക്ലബ്ബിലെ അംഗങ്ങളായ വിദ്യാർത്ഥികൾ, പുതു സംരംഭകർ എന്നിവർക്കും വിവിധ മേഖലകളിൽ ബോധവത്ക്കരണം നടത്തിവരുന്നു.

(ബി) 1999-ൽ നിലവിൽ വന്ന കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളിൽ ഓൺലൈൻ സംവിധാനം, സേവന മേഖലയെ ഉൾപ്പെടുത്തൽ തുടങ്ങിയ ഭേദഗതികൾ സർക്കാർ പരിശോധിച്ചുവരുന്നു. ഓൺലൈൻ ഏകജാലക സംവിധാനത്തിന്റെ സോഫ്റ്റ്വെയർ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഇടത്തരം, ചെറുകിട, സൂക്ഷ്മ സംരംഭങ്ങളുടെ സംവിധാനം കൂടി ഉൾപ്പെടുത്തി വികസിപ്പിക്കുവാൻ ആലോചിക്കുന്നു.